LIBRARY ARCHIVES Kerala Legislative Assembly

വികലാംഗർക്കായി പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ

51 [3059] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വികലാംഗർക്കായി എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രഖ്യാപിച്ചത് എന്ന് വ്യക്തമാക്കാമോ;

(ബി) അവ പ്രാബല്യത്തിൽ വരുത്തിക്കൊണ്ടുള്ള ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ;

(സി) എങ്കിൽ ഉത്തരവുകളുടെ കോപ്പികൾ ലഭ്യമാക്കാമോ;

(ഡി) വികലാംഗ വർഷത്തോടനുബന്ധിച്ച് സർവ്വീസിലുണ്ടായിരുന്ന വികലാംഗരെ ജോലിയിൽ സ്ഥിരപ്പെടുത്തണമെന്ന ഗവൺമെന്റ് തീരുമാനപ്രകാരം എത്ര പേരെ സ്ഥിരപ്പെടുത്തിയെന്ന് വ്യക്തമാക്കാമോ;

(ഇ) സ്ഥിരപ്പെടുത്താൻ ബാക്കിയുള്ളവരെത്ര; ഇവരെ എപ്പോൾ സ്ഥിരപ്പെടുത്തുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ—സി) സ്വകാര്യ സ്ഥാപനങ്ങളിൽ പരിശീലനം നടത്തുന്ന ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്കുള്ള സ്കോളർഷിപ്പ് തുക പ്രതിവർഷം 750 രൂപയിൽ നിന്ന് 900 രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് 17-1-2001-ൽ ജി. ഒ. (എം. എസ്.) 28/2001 സാക്ഷേവ. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വികലാംഗർക്കുവേണ്ടി വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്തും കോഴിക്കോട്ടും പ്രവർത്തിക്കുന്ന വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകളിൽ ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ കോഴ്സ്, ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ഹാർഡ് വെയർ നെറ്റ് വർക്ക് മെയിന്റനൻസ് കോഴ്സ് എന്നിവ ആരംഭിക്കുന്നതിന് 7-12-2003-ലെ ജി. ഒ.(ആർ. റ്റി.) 524/03 സാക്ഷേവ. നമ്പർ ഉത്തരവു പ്രകാരം അനുമതി നൽകിയിട്ടുണ്ട്. വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്തും കോഴിക്കോട്ടും പ്രവർത്തിക്കുന്ന വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകളിലെ ബുക്ക് ബയന്റിംഗ് കോഴ്സ് നവീകരിച്ച് പ്രൊഡക്ഷൻ കം ട്രെയിനിംഗ് കോഴ്സായി ഉയർത്തിക്കൊണ്ട് 27-2-2003-ൽ ജി.ഒ. (ആർ.റ്റി.) 415/03 സാക്ഷേവ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ജി.ഒ. (ആർ. റ്റി.) 52/03/സാക്ഷേവ. നമ്പർ ഉത്തരവു പ്രകാരം മഞ്ചേരിയിലെ കസ്റ്റോഡിയൻ കെയർ ഹോം ഫോർ ദി ഡിസ്ഏബിൾഡ് ചിൽഡ്രൻ, തൃശൂരിലെ ബാലവികലാംഗസദനം എന്നിവയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 6-12-2003-ലെ ജി.ഒ.(പി) 71/03/സാക്ഷേവ. ഉത്തരവു പ്രകാരം വികലാംഗർക്കു നൽകുന്ന തിരിച്ചറിയൽ കാർഡിനെ ഒരു ആധികാരിക രേഖയായി പ്രഖ്യാപിച്ചുകൊണ്ട് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. 23-6-2003-ലെ ജി.ഒ. (എം.എസ്.) 27/03/സാക്ഷേവ. ഉത്തരവു പ്രകാരം സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ സൂപ്പർവൈസർ/ഓഫീസർ തസ്തികകളിൽ വികലാംഗർക്ക് 3% സംവരണം ഏർപ്പെടുത്തിക്കൊണ്ട് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി ആന്റ് ഇ) 15-8-1998 മുതൽ 15-8-1999 വരെയുള്ള കാലയളവിൽ 179 ദിവസം താൽക്കാലിക സർവ്വീസ് പൂർത്തിയാക്കിയ വികലാംഗരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വികലാംഗരായ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി

52 [3060] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സർവ്വീസിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന വികലാംഗരെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്ഥിരപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതു കാലഘട്ടത്തിൽ ജോലി ചെയ്തിരുന്നവരെയാണ് സ്ഥിരപ്പെടുത്തിയത് എന്ന് വ്യക്തമാക്കാമോ;

(സി) എത്രപേർക്ക് ഇതിന്റെ ഗുണഫലം ലഭിച്ചു എന്ന് വ്യക്തമാക്കാമോ;

(ഡി) ഇപ്പോൾ സർക്കാർ സർവ്വീസിലിരിക്കുന്ന മുഴുവൻ വികലാംഗരായ താൽക്കാലിക ജീവനക്കാരെയും സ്ഥിരപ്പെടുത്താനുള്ള നടപടി സ്വീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ—സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താൽക്കാലിക സർവ്വീസിലുണ്ടായിരുന്ന വികലാംഗ ജീവനക്കാർക്ക് സ്ഥിരം നിയമനം നൽകിയിട്ടില്ല. എന്നാൽ 15-8-1998 മുതൽ 15-8-1999 വരെയുള്ള കാലയളവിൽ 179 ദിവസം ജോലി ചെയ്തിട്ടുള്ള വികലാംഗ ജീവനക്കാർക്ക് സ്ഥിരം നിയമനം നൽകുന്ന കാര്യം സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

(ഡി) ഇപ്പോൾ സർക്കാർ സർവ്വീസിലിരിക്കുന്ന വികലാംഗരായ മുഴുവൻ താൽക്കാലിക ജീവനക്കാരേയും സ്ഥിരപ്പെടുത്താനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലില്ല.

താൽക്കാലിക നിയമനം ലഭിച്ച വികലാംഗരെ പുനർനിയമനം നടത്തി സ്ഥിരപ്പെടുത്താനുള്ള നടപടി

53 [3061] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:

„ പി. കെ. അബ്ദുറബ്ബ്:

„ കെ. എൻ. എ. ഖാദർ:

„ കെ. കുട്ടി അഹമ്മദ് കുട്ടി:

„ ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിൽ 1998 ആഗസ്റ്റ് 15 മുതൽ 2000 ഡിസംബർ 31 വരെ താൽക്കാലിക നിയമനം ലഭിച്ച വികലാംഗരായ ഉദ്യോഗാർത്ഥികൾക്ക് പുനർനിയമനം നൽകി സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് എന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly